# റോഡ്, പാലം, കള്ള്

**ജൂ**ലൈ 6-ന് പൊതുമരാമത്തു മന്ത്രി നിയമസഭയിൽ, റോഡിന്റെ ടാറിംഗ് കേടുവന്നാൽ ഉത്തരവാദി ബന്ധപ്പെട്ട കോൺട്രാക്ടർ ആയിരിക്കുമെന്ന് പ്രസ്താവിച്ചിരിക്കുന്നു.

സ്വന്തം പണവും ബുദ്ധിയും തന്ത്രവും ഉപയോഗിച്ച് പണി ആദായകരമായി ലാഭംകൊയ്യുന്ന ആളാണ് കോൺട്രാക്ടർ. കരാറുകാരന്റെ ലാഭം വഴിവിട്ട് പോകാതിരുന്ന കാലത്ത് പണിയിച്ച റോഡുകൾ, അവ നില്ക്കേണ്ട കാലത്തോളം നിലനിന്നു; പാലങ്ങൾ ഇന്നും സേവനം ചെയ്യുന്നു.

ഇപ്പോൾ ഒരു കരാറുകാരൻ ഒരു പണി തുടങ്ങുമ്പോൾ പണിമുടക്കം വരാതിരിക്കാൻ പ്രാദേശിക തൊഴിലാളി നേതാക്കളെ വേണ്ടതുപോലെ കാണണം. എന്നാലും അയാൾക്ക് ആ പണിക്ക് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ മുഴുവൻ കൊണ്ടുവരാൻ പാടില്ല. കൊണ്ടുവന്നാൽ നേതാക്കൾ 'മണ്ണിന്റെ മക്കൾ' വാദം ഉയർത്തും. പണിസ്ഥലത്തിന്റെ പരിസരത്ത് ഉണ്ടാകുന്ന മരണത്തിലും വിവാഹത്തിലും കരാറുകാരന്റെ സാന്നിധ്യം എം.എൽ.എ.യുടേതുപോലെ അനിവാര്യമാണ്. പക്ഷേ, ജനപ്രതിനിധി ഒരു ചിരിയോ ദുഃഖമുഖമോ കാഴ്ചവച്ച് സ്ഥലംവിടുമ്പോൾ ആഗ്രഹിക്കുന്നവർക്ക് കരാറുകാരൻ കൊടുക്കേണ്ടത് ചില്ലറയാണ്. ഓരോ പാർട്ടികളുടെയും പരിപാടികൾ, പെരുന്നാളുകൾ, നേർച്ചകൾ, ഉത്സവങ്ങൾ, ഇവയ്ക്കൊക്കെ സംഭാവന കൂടിയേ തീരൂ. ഇല്ലെങ്കിൽ മാനഹാനി, ശരീരപീഡനം മുതലായവ നക്ഷത്രഫലം പോലെ വന്നുഭവിക്കും.

90-കളുടെ ആരംഭംവരെ സാറന്മാർക്ക് കിമ്പളം കൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ തൂപ്പുകാരൻ മുതൽ വലിയ സാറിനുവരെ എസ്റ്റിമേറ്റ് തുകയുടെ ശതമാനമാണത്രെ കൊടുക്കേണ്ടത്! സാറന്മാരുടെ സ്വകാര്യാവശ്യങ്ങൾക്ക് കാറും വിട്ടുകൊടുക്കുന്നത് ഒരു മാമൂൽ ആയിക്കഴിഞ്ഞു. ഈ കടവുകൾ എല്ലാം കടന്ന് മുടക്കുമുതൽ ഈടാക്കാമെന്ന് കരുതി ഭണ്ഡാരപ്പുരയിൽ ചെല്ലുമ്പോൾ തരാൻ പണമില്ല. പണം കിട്ടിയാലും ഇല്ലെങ്കിലും വകുപ്പുമന്ത്രിയുടെ പാർട്ടി ഫണ്ടിലേക്ക് പണം കൊടുക്കണം. അതൊരു കീഴ്‌വഴക്കമാണ്. ഇതിനൊക്കെ പൈസ വളഞ്ഞവഴിയിൽ- കമ്പികളുടെ എണ്ണവും വണ്ണവും കുറയ്ക്കാനും മെറ്റലിന്റെ വലിപ്പം കൂട്ടാനും ആവശ്യത്തിന് സിമന്റും മണലും ടാറും ഉപയോഗിക്കാതിരിക്കാനും ടാറിംഗ് ചെമ്പറില്ലാതെ നടത്താനും വിറകിനു പകരം ടാർ കത്തിക്കുവാനും വിലകുറഞ്ഞ സിമന്റ് വാങ്ങാനും മണ്ണിനടിയിൽ പോകുന്ന പണിയുടെ പൊക്കവും വണ്ണവും കുറയ്ക്കാനും അല്ലാത്ത ക്രമക്കേടുകൾക്കും- ഉണ്ടാക്കാൻ മേൽപറഞ്ഞവരൊക്കെ എന്തു സഹായം വേണമെങ്കിലും ചെയ്തു കൊടുക്കും. ഇതുപോലെ പണിതാൽ നെല്ലിപ്പുഴ പാലവും ചാലക്കുടി പാലവും റോഡുകളും പൊട്ടും പൊളിയും. അഴിമതി നടത്തിയവർ രക്ഷപ്പെടുന്നു. മാപ്പുസാക്ഷി ക്രൂശിക്കപ്പെടുന്നു.

കള്ളും ഇതുപോലെ പൊതുജനത്തിന് ആവശ്യവും കരാറുകാരന് അനാവശ്യവും ആയിത്തീർന്നിരിക്കുന്ന വസ്തുവാണ്. ഇവിടെയും എല്ലാവർക്കും കൊട്ടാവുന്ന ചെണ്ടപ്പുറം കോൺട്രാക്ടറാണ്. 75 കൊല്ലത്തോളമായി കരാറുകാരാണ് കള്ളുകച്ചവടം നടത്തുന്നത്. 30 കൊല്ലം മുമ്പുവരെ മദ്യപാനികൾക്ക് നല്ല കള്ള് കരാറുകാരിൽനിന്നു തന്നെ കിട്ടിയിരുന്നു. രാഷ്ട്രീയപാർട്ടികൾ, ഉദ്യോഗസ്ഥർ, സർക്കാർ ഇവരുടെയൊക്കെ ഇടപാടുകളാണ് ഇന്നത്തെ അവസ്ഥയ്ക്ക് കളമൊരുക്കിയത്.

തൃശൂർ ജില്ലയിലെ ഒരു ചെത്തുതൊഴിലാളി ഒരുദിവസം അളക്കേണ്ട ഏറ്റവും കുറഞ്ഞ അളവ് കള്ള് 3.5 ലിറ്ററാണ്. ഒരു ദിവസം ബോണസ്, ഡി.എ., പി.എഫ്. എല്ലാംകൂടി ഒരു തൊഴിലാളിക്ക് കിട്ടുന്നത് 147 രൂപ. അധികം അളക്കുന്ന ഓരോ ലിറ്ററിനും 6.25 രൂപ. മദ്യപന് നേരിട്ട് കൊടുത്താൽ 25 ക. കിട്ടുന്ന സാധനം 6.25 രൂപയ്ക്ക് കരാറുകാരന് കൊടുക്കുമോ? 3.5 ലിറ്റർ വിറ്റാൽ കരാറുകാരന് കിട്ടുന്നത് 87.5 രൂപ. ഒരു ചെത്തുതൊഴിലാളിക്കുവേണ്ടി ഒരു ദിവസം കരാറുകാരന് നഷ്ടം വരുന്നത് 56.5 ക.

ലക്ഷങ്ങൾ കയറ്റിക്കയറ്റി കരാറെടുക്കുമ്പോൾ അയാൾ കാണുന്നത്- കൃത്രിമ കള്ളുണ്ടാക്കാം, കൂടുതൽ ലഹരിക്ക് ഡൈസപാം, ഫിനോബാർബിറ്റോൺ മുതലായവ ചേർക്കാം; ഇങ്ങനെയൊക്കെ ചെയ്താൽ രാഷ്ട്രീയക്കാരുടെ പാർട്ടി ഫണ്ടിലേക്കും തെരഞ്ഞെടുപ്പ് ഫണ്ടിലേക്കും കൊടുക്കാം. തൊഴിലാളിയെ പിണക്കാതെ നോക്കാം. വില്പനക്കാരനോട് വീര്യം പോരെന്ന് കുടിയന്മാർ പരാതിപ്പെടുകയില്ല. ഉദ്യോഗസ്ഥന്മാർക്ക് എല്ലാവിധ കണ്ടുകാഴ്ചകളും ഇടയ്ക്കിടയ്ക്കും മാസപ്പടി മാസാവസാനവും കൊടുക്കാം. ഇതൊക്കെ വഴിപോലെ ചെയ്തു ബാക്കിവരുന്നത് ലാഭമാക്കാം- എന്നൊക്കെയാണ്. ഈ കണക്കു തെറ്റിയാൽ കരാറുകാരൻ ഷാപ്പടയ്ക്കുന്നു.

കരാറ് വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം ചെയ്യേണ്ടത്: (1) അളക്കുന്ന കള്ള് സംസ്ഥാനമൊട്ടാകെ 6 ലിറ്ററായി നിജപ്പെടുത്തുക, (2) അധികം അളക്കുന്നതിന് അതായത് സമയത്തെ വില്പന വിലയേക്കാൾ 5 ക മാത്രം കുറവ് വരുത്തുക, (3) വൃക്ഷക്കരം 39-ക. യ്ക്കു പകരം 100 ക കൊടുക്കുക.

അല്ലെങ്കിൽ (1) അടുത്ത വർഷം മുതൽ സർക്കാരും എക്സൈസും കള്ളു മേഖലയിൽനിന്നും മാറിനിൽക്കുക. (2) ഗ്രാമപഞ്ചായത്തുകൾ കള്ളുഷാപ്പുകൾക്ക് അതേ വാർഡിലുള്ള ആൾക്ക് ലൈസൻസ് കൊടുക്കുക. (3) തൊഴിലാളിയുടെ ആനുകൂല്യങ്ങൾ ലൈസൻസി പഞ്ചായത്തിലടയ്ക്കുക. (4) കള്ള് കരിഞ്ചന്തയിൽ വില്പന നടക്കുന്നുണ്ടെങ്കിൽ അയൽക്കൂട്ടങ്ങൾ ലൈസൻസിയെക്കുറിച്ച് അറിയിക്കുക. (5) വ്യാജവാറ്റ് അയൽക്കൂട്ടങ്ങൾ റിപ്പോർട്ട് ചെയ്താൽ അധികാരികൾ നടപടി സ്വീകരിക്കുക.

**പീവി.**